ഹാന്റക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

52 [3457] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാന്റക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ടതും അഭിരുചിക്ക് അനുസരിച്ചതുമായ തുണിത്തരങ്ങൾ ലഭ്യമാക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഡവലപ്പ്മെന്റ് (എൻ. ഐ. ഡി.)-മായി സഹകരിച്ച് നൂതന ഡിസൈനുകൾ രൂപകൽപ്പന ചെയ്യുകയും അതിനുവേണ്ട പരിശീലനം നൽകുകയും ചെയ്തു വരുന്നു. നവീകരണം നടത്തി അതിൽ നൂതന ഉത്പ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തിവരുന്നു.

(ബി, സി) ഇക്കാര്യത്തിൽ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

തുണിമില്ലുകളിൽ ചെലവാകാതെ കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ

53 [3458] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷം ഹാന്റക്സ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്ര തുകയുടെ വസ്ത്രം, തുണിത്തരങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന തുണിമില്ലുകളിൽ ചെലവാകാതെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ ഇവ ചെലവഴിക്കാൻ സർക്കാർ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്;

(സി) വിപണനത്തിനായി ഹാന്റക്സ് തുണിത്തരങ്ങൾ വാങ്ങുമ്പോൾ സംസ്ഥാനത്തെ ചെറുകിട-ഇടത്തരം കൈത്തറി ഖാദി ഉത്പ്പാദകരിൽ നിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly